# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4455

17/12/2014 - ൽ മറുപടിക്ക്

### തിരുവനന്തപുരം-കാസർഗോഡ് ജലപാത

**ചോദ്യം**

ശ്രീ. എ. കെ ശശീന്ദ്രൻ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സർവ്വേ നടത്തിയത് എന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ വികസനത്തിന് വിവിധ ഘട്ടങ്ങളിലായി വിവിധ ഭാഗങ്ങളുടെ സർവ്വെ, നാറ്റ്പാക്ക്, RITES തുടങ്ങിയ ഏജൻസികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും നടത്തിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. Development of Inland Wter Transport on West coast canal (Kovalam-Kottapuram) Techno-economic feasibility report, RITES, 1991.

2. Inland Wter Transport on West coast canal(Kovalam-Kasargod) Techno economic feasibility study RITES, March 1991.

3. Detailed project Report for Development of IWT on west coast canal (Kottapuram-Kollam)along with Champakara and Udyogamandal canal, final Report, RITES July 1992.

4. Review of Techno-economic feasibility study for Development of IWT on Kollam-Kovalam stretch on West coast canal, RITES, August 1994.

5. Environmental Impact assessment of NW-III, TCS, 1992.

6. Techno-economic feasibility of Kollam-Kovalam, Kottapuram-Kasargod sections of west coast canal in Kerala, NATPAC, 1998.

7. Feasibility study for Intergrated development of Kottapuram-Chettuva stretch of west coast canal, NATPAC, 2005.

8. Extension of National waterway No-III towards south of Kollam and towards North of Kottapuram, NATPAC.

9. Improvement of Kovalam-Akkulam canal stretch in Thiruvananthapuram Region for Inland Navigation, Tourism and Recreational purposes, NATPAC, 2013

10. An Environmental Impact Assessment study for Mahe-Valapattanam canal, NATPAC, 2004.

ബി) ചരക്ക് ഗതാഗതത്തിന് ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമെന്ന നിലയിൽ അടിയന്തിരമായി ഇക്കാര്യത്തിൽ നടപടി സ്വികരിക്കുമോ;

(ബി) ഈ പഠന റിപ്പോർട്ടുകളെല്ലാം തന്നെ സ്ഥാപിക്കുന്നത് ജലമാർഗ്ഗമാണ് ചരക്കു ഗതാഗതത്തിന് ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗമെന്നതാണ്. ഈ ജലപാതയിൽ കേന്ദ്ര ധനസഹായമായ 12-ാം ധനകാര്യകമ്മീഷന്റെയും, 13-ാം ധനകാര്യ കമ്മീഷന്റെയും കൂടാതെ നബാർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും ഫണ്ടുപയോഗിച്ച്, വിവിധ വികസനപദ്ധതികൾ നടന്നു വരുന്നു.

സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(സി) കോവളം-നീലേശ്വരം ജലപാത ആകെ നീളം 590 കി.മീറ്ററാണ്. ഇതിൽ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം ജലപാത (168 കി.മീ) ന് ഇരുവശങ്ങളിലുള്ള കോവളം-കൊല്ലം ജലപാത (74.18 കി.മീ)യും കോട്ടപ്പുറം-നിലേശ്വരം ജലപാത (348 കി.മീ) യുമാണ് സംസ്ഥാന ജലപാതകൾ. ഈ ജലപാതകൾ മുഴുവൻ നീളത്തിലും സഞ്ചാര യോഗ്യമാക്കുന്നതിനുള്ള ബാക്കി തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. മാഹി-വളപട്ടണം ഭൂമി ഏറ്റെടുക്കൽ, കനാൽ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ | 1220 കോടി രൂപ |

2. വടകര-മാഹി കനാലിനു കുറുകെ പാലങ്ങളുടെയും നടപ്പാലങ്ങളുടെയും നിർമ്മാണം 98 കോടി രൂപ

3. ഇ.കെ.കനാലിന്റെ പുനരുദ്ധാരണം 415 കോടി രൂപ

4. പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണം 155 കോടി രൂപ

5. അവശേഷിക്കുന്ന ഭാഗങ്ങളുടെ പുനരുദ്ധാരണം 200 കോടി രൂപ

---

ആകെ തുക 2088 കോടി രൂപ

==================

ഡി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

(ഡി) മേൽപ്പറഞ്ഞ തുകയ്ക്ക് നിലവിൽ ധനസഹായം ഒരു ഏജൻസികളിൽ നിന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ